(Pages : 4)

**1701**

Sl. No. 414747

# S.S.L.C. EXAMINATION, MARCH - 2017

## MALAYALAM

First Language - Paper I

Time : 1½ Hours | Total Score : 40

**പൊതു നിർദ്ദേശങ്ങൾ :**

- ആദ്യത്തെ **15** മിനിട്ട് സമാശ്വാസ സമയമാണ്.
- ചോദ്യങ്ങൾ ശരിയായി വായിച്ചു മനസ്സിലാക്കിയശേഷം മാത്രം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

Score

1. 'ഭാരതീയർക്കുണ്ടായിരുന്ന <u>ഉജ്ജ്വലാദർശങ്ങൾ</u> ഈ കാവ്യത്തിൽ ഉടനീളം പ്രകാശിച്ചു നിൽക്കുന്നു' 1

   അടിവരയിട്ട പദത്തിന്റെ ശരിയായ വിഗ്രഹരൂപം താഴെ കൊടുത്തിരിക്കുന്നവയിൽ നിന്ന് എടുത്ത് എഴുതുക.

   - ഉജ്ജ്വലവും ആദർശങ്ങളും
   - ഉജ്ജ്വലത്തിന്റെ ആദർശങ്ങൾ
   - ഉജ്ജ്വലം എന്ന ആദർശങ്ങൾ
   - ഉജ്ജ്വലമായ ആദർശങ്ങൾ

2. 'ശ്ലോകത്തിൽ കഴിക്കുക' - കഥകളിയുമായി ബന്ധപ്പെട്ട ശൈലിയാണ്. ഇതിന്റെ അർത്ഥം താഴെ കൊടുത്തിരിക്കുന്നതിൽ ഏത് ? 1

   - ഉറക്കെപ്പറയുക
   - ഈണത്തിൽ പറയുക
   - ചുരുക്കിപ്പറയുക
   - പതുക്കെപ്പറയുക

3. 'മൈക്കലാഞ്ജലോ, മാപ്പ്' എന്ന കവിതയിൽ മകനെ നഷ്ടപ്പെട്ട അമ്മയുടെ വേദന ആവിഷ്കരിക്കാൻ കവി ഉപയോഗിക്കുന്ന പ്രതീകം ഏതാണ് ? തെരഞ്ഞെടുത്തെഴുതുക. 1

   - വെൺലില്ലിപ്പൂവ്
   - പാഴ്ചിപ്പി
   - ശോണരേഖ
   - തിരുഗാത്രം

4. 'അമ്മ എന്നെ പ്രസവിച്ചു. മുലപ്പാലും മറ്റും തന്ന് എന്നെ വളർത്തി. അങ്ങനെയങ്ങനെ എന്നെ ഒരാളാക്കിത്തീർത്തു.' 1

   – അർത്ഥ വ്യത്യാസം വരാതെ ഒറ്റ വാക്യമായി എഴുതുക.

5. 'ഭർത്താവിന്റെ ഇരിപ്പിടത്തിൽ എക്കാലത്തേക്കുമായി താൻ ഉറങ്ങി, പോകുന്നതായി ജൂലിയാന അറിഞ്ഞു' 2

   – ഈ വാക്യത്തിൽ നിന്ന് ലഭ്യമാകുന്ന സൂചനകൾ എന്തെല്ലാം ? കഥാസന്ദർഭം മുൻനിർത്തി കുറിക്കുക.

Score

6. 'ആ ഹൃദയോന്നതിക്കു മുമ്പിൽ, ആ ആഭിജാത്യത്തിനു മുമ്പിൽ ഒരിറ്റു കണ്ണീർ തൂകാതിരിപ്പാൻ ആർക്കു സാധിക്കും ?' 2

– ഈ നിരീക്ഷണത്തിന്റെ പൊരുൾ വിശദമാക്കുക.

7 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ **ഏതെങ്കിലും** 5 എണ്ണത്തിനു മാത്രം ഉത്തരമെഴുതുക. 5x4=20

(ഓരോന്നിനും 4 സ്കോർ വീതം)

7.
- 'ലക്ഷ്മിയുമസ്ഥിരയല്ലോ മനുഷ്യർക്ക്'
- 'നന്നല്ല ദേഹം നിമിത്തം മഹാമോഹം'

– ഈ വരികളിൽ തെളിയുന്ന ജീവിത വീക്ഷണം പാഠ സന്ദർഭത്തെ മുൻനിർത്തി വിശദീകരിച്ച് ലഘുകുറിപ്പ് തയ്യാറാക്കുക.

8. 'ധീരനായ യതി നോക്കി തമ്പിതൻ
ഭൂരിബാഷ്പപരിപാടലം മുഖം,
പൂരിതാഭയൊടുഷസ്സിൽ മഞ്ഞു തൻ-
ധാരയാർന്ന പനിനീർ സുമോപമം'

– കവിതാഭാഗം വിശകലനം ചെയ്ത് കാവ്യപരമായ സവിശേഷതകൾ കുറിക്കുക.

9. 'ധരണിയിലുള്ള പരിഷകൾ നളനെച്ചെന്നു കാണും
അവർക്കു വേണ്ടും കാര്യം നളനും സാധിപ്പിക്കും,
ദൂരത്തുന്നാരും വരികയില്ല നമ്മെക്കാണ്മാൻ'

– ഈ വരികളിൽ നിന്ന് പുഷ്കരൻ എന്ന കഥാപാത്രത്തെക്കുറിച്ച് എന്തെല്ലാം സൂചനകൾ ലഭിക്കുന്നു ? വിശദീകരിക്കുക.

10 'അശ്വമേധം' എന്ന കവിതയ്ക്ക് താഴെ കൊടുത്ത വരികൾ നൽകുന്ന സവിശേഷ ആശയതലം വിശദീകരിക്കുക.

'ഈ യുഗത്തിന്റെ സാമൂഹ്യശക്തിഞാൻ
മായുകില്ലെന്റെ ചൈതന്യ വീചികൾ!
ഈശ്വരനല്ല മാന്ത്രികനല്ല ഞാൻ
പച്ചമണ്ണിൻ മനുഷ്യത്വമാണു ഞാൻ!'

11. "നീ എന്റെ ഹൃദയത്തിനകത്താണോനിൽക്കുന്നത് ?" എന്ന് ചോദിക്കുന്ന വിസ്മയത്തോടെ ദസ്തയേവ്സ്കി അന്നയുടെ കണ്ണുകളിലേക്ക് നോക്കി.

– അന്നയും ദസ്തയേവ്സ്കിയും തമ്മിലുള്ള ഹൃദയൈക്യത്തിന്റെ തീവ്രത പാഠസന്ദർഭം മുൻനിർത്തി വിശകലനം ചെയ്യുക.

Score

12. • 'ശാന്താ ആത്യായുടെ കൂടെ ഞാനും ചവറുപെറുക്കാൻ പോയി. ഞാൻ ചവർക്കൂമ്പാരത്തിൽ, കൈയിട്ടിളക്കും.'

• 'എപ്പോഴെങ്കിലും ഒരു നല്ല കടലാസ്സ് കണ്ടെത്തിയാൽ എനിക്ക് വലിയ സന്തോഷം തോന്നും'

– ശരൺകുമാർ ലിംബാളെയുടെ ഇത്തരം ജീവിതാനുഭവങ്ങൾ നൽകുന്ന സന്ദേശമെന്താണ് ? ലഘുകുറിപ്പ് തയ്യാറാക്കുക.

13 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ **ഏതെങ്കിലും രണ്ടെണ്ണത്തിനു** മാത്രം ഉത്തരമെഴുതുക (ഓരോന്നിനും 6 സ്കോർ വീതം) 2x6=12

13. • "വർഷങ്ങൾ പിന്നെയും കഴിഞ്ഞു. ജീവിതത്തിൽ പലതും സംഭവിച്ചു. അമ്മ ഇന്നും മകനെ പ്രതീക്ഷിക്കുന്നു :

മകനേ, ഞങ്ങക്കു നിന്നെ ഒന്നു കാണണം.."

– അമ്മ

• "ജയിലിലെ ഉമ്മറത്തെ ചാരുപടിയിൽ വെള്ളായിയപ്പൻ ഇരുന്നു. അമ്പലത്തിലെ നടതുറക്കാൻ കാത്തിരിക്കുന്നതുപോലെ"

– കടൽത്തീരത്ത്

– മാതാപിതാക്കൾക്ക് മക്കളോടുള്ള സ്നേഹവാത്സല്യങ്ങളുടെ ആഴം 'അമ്മ', 'കടൽത്തീരത്ത്' എന്നീകഥകളിൽ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ? ഉപന്യാസം തയ്യാറാക്കുക.

14. 'സുകുമാര കലകളുടെയെല്ലാം ലക്ഷ്യം ഒന്നു തന്നെ
സത്യത്തെയും നന്മയെയും സൗന്ദര്യത്തെയും
ഏകീകരിക്കുന്ന സംസ്കാരമൂല്യത്തെ
കലാകാരന്റെ വ്യക്തി മുദ്രയോട് കൂടി ഉചിത
രൂപങ്ങളിൽ ആവിഷ്കരിക്കുക - ഇതാണ്
അവയുടെയെല്ലാം പരമോദ്ദേശ്യം'

– എം.പി. പോൾ

– മുകളിൽ കൊടുത്ത നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ 'ഉരുളക്കിഴങ്ങ് തിന്നുന്നവർ' 'മൈക്കലാഞ്ജലോ, മാപ്പ്' എന്നീ രചനകളിലെ നന്മയും സൗന്ദര്യവും കണ്ടെത്തി നിരൂപണക്കുറിപ്പ് തയ്യാറാക്കുക.

Score

15. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.
(കവിതയിലെ ആശയം, പ്രയോഗ ഭംഗി, സമകാലിക പ്രസക്തി എന്നിവ ആസ്വാദനത്തിൽ ഉൾപ്പെടുത്തണം)

**ചന്ദനം**

രാവിലെയീറൻ കെട്ടി
നിന്നുകൊണ്ടരയ്ക്കുന്നൂ
കാമിനി ചാണക്കല്ലിൽ-
ചന്ദനം – ഇതു കാൺകേ,

അന്തരാ കഥിച്ചൂ ഞാൻ:
ഓമനേ, തവ ജീവ-
ചന്ദനസുരഭില-
മല്ലി മാമകജന്മം ?

നിന്റെ കയ്യെത്താത്തേടം,
നിന്റെ കണ്ണെത്താത്തേടം,
നീയാകെയെത്താത്തേട-
മില്ലയിക്കുടുംബത്തിൽ.

നീ തൊടും പൊട്ടിങ്ങനെ
വിയർപ്പിൽക്കുതിരുമ്പോൾ,
ശ്രീദേവി, സഹജീവി-
യായ ഞാനസൂയാലു:

നീയര, ഞ്ഞരഞ്ഞില്ലാ-
താവുന്നൂ ദിനം തോറും
സ്വീയമാം സൗരഭ്യവും
നിറവും കുളുർമ്മയും

എനിക്കും കിടാങ്ങൾക്കു-
മങ്ങനെ ലോകത്തിന്നും
കനിഞ്ഞു പകരുന്ന
പരമാനന്ദത്തോടേ!

– ഒളപ്പമണ്ണ

- o O o -